Website: www.kwa.kerala.gov.in
Mobile/ Whatsapp: +919495998258

Tel. 0471-2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. KWA-JB/6521/2025-R1(RMC) തീയതി: 06-10-2025

**സർക്കുലർ**

വിഷയം: കെ.ഡബ്ല്യൂ.എ. - ആർ.എം.സി. - മീറ്റർ കേടായതും കുടിശ്ശികയുള്ളതുമായ വാട്ടർ കണക്ഷനുകളിലെ വിച്ഛേദന നടപടികൾ - സംബന്ധിച്ച്.

സൂചന : 20-08-2025 ലെ റവന്യൂ മീറ്റിംഗിലെ നിർദ്ദേശം.

വാട്ടർ അതോറിറ്റിയുടെ പ്രധാന വരുമാനമാർഗം വാട്ടർ ചാർജും, നോൺ പ്ലാൻ ഫണ്ടുമാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന നോൺ പ്ലാൻ തുകയും തനത് ഫണ്ടും (റവന്യൂ വരുമാനം) ഉപയോഗിച്ചാണ് ദൈനംദിന പ്രവർത്തനങ്ങൾ, അറ്റകുറ്റപണികൾ, കറണ്ട് ചാർജ്, ഭരണ നിർവഹണ ചിലവുകൾ, വായ്പ തിരിച്ചടവുകൾ, ജീവനക്കാർക്കും, വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി വിനിയോഗിച്ച് കൊണ്ടിരുന്നത്. മുൻ വർഷങ്ങളിലെ വൈദ്യുതി കുടിശ്ശിക അതോറിറ്റിയുടെ നോൺ പ്ലാനിൽ നിന്നും പത്ത് വർഷ കാലയളവിൽ തുല്യ വിഹിതങ്ങളായി ഈടാക്കുമെന്ന വ്യവസ്ഥയിൽ സർക്കാർ ഏറ്റെടുത്തതിനാൽ നിലവിൽ നോൺ പ്ലാൻ ഗ്രാൻറ് ലഭിക്കുന്നില്ല. ഇക്കാരണത്താൽ ജലവിതരണ പ്രവർത്തികളുടെ നടത്തിപ്പ്, ജീവനക്കാരുടെയും, പെൻഷൻകാരുടെയും ആനുകൂല്യവും നൽകുന്നതിൽ കാലതാമസം എന്നിവ വന്നിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് കണക്ഷനുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട് 31 റവന്യൂ ഡിവിഷനുകളിൽ 11 റവന്യൂ ഡിവിഷനുകൾ മാത്രമാണ് ഈ സാമ്പത്തിക വർഷം 60% ത്തിന് മുകളിൽ വാട്ടർ ചാർജ് പിരിച്ചെടുക്കുന്നത്. മാത്രമല്ല പ്രതിമാസ വാട്ടർ ചാർജ്ജ് കളക്ഷനിൽ നിന്നും 10 കോടി രൂപ വൈദ്യുതി ചാർജ്ജ് ഒടുക്കത്തിനായി എസ്ക്രോ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ആയതിനാൽ പ്രതിമാസ ഡിമാൻഡ് പൂർണ്ണമായും പിരിച്ചെടുക്കേണ്ടതുണ്ട്. വാട്ടർ ചാർജ്ജ് പൂർണ്ണമായും പിരിച്ചെടുക്കുന്നതിൻറെ ഭാഗമായി കുടിശ്ശികയുള്ളതും കേടായ മീറ്റർ മാറ്റിവയ്ക്കാത്തതുമായ കണക്ഷനുകൾ വാട്ടർ സപ്ലൈ റെഗുലേഷനിൽ വിച്ഛേദനത്തിന് മുൻപ് സ്വീകരിക്കേണ്ട നടപടികളായ കുടിശ്ശിക വിവരങ്ങൾ സൂചിപ്പിച്ച് കൊണ്ടുള്ള വിച്ഛേദന നോട്ടീസ് നൽകൽ, വിച്ഛേദിക്കുന്നതിന് മുൻപ് ഫോൺ വഴി ഉപഭോക്താവിനെ അറിയിക്കൽ തുടങ്ങിയവ കൃത്യമായും പാലിക്കേണ്ടതുണ്ട്. വാട്ടർ ചാർജ്ജ് പൂർണ്ണമായും പിരിച്ചെടുക്കുന്നതിൻറെ ഭാഗമായി വിച്ഛേദനനടപടികൾ സ്വീകരിക്കുമ്പോൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന കണക്ഷനുകൾ മാത്രമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

a. നാല് മാസത്തിലധികമായി (2 ദ്വൈമാസ ബില്ലുകൾ) കുടിശ്ശികയുള്ള ഗാർഹിക കണക്ഷനുകൾ.
b. രണ്ട് മാസത്തിലധികമായി കുടിശ്ശികയുള്ള ഗാർഹികേതര, വ്യാവസായിക, സ്പെഷ്യൽ കണക്ഷനുകൾ.
c. റീഡിങ് എടുക്കുമ്പോൾ മീറ്റർ കേടായതാണെന്ന് കണ്ടെത്തിയാൽ, മീറ്റർ മാറ്റി വയ്ക്കണമെന്ന വിവരം ഉപഭോക്താവിനെ രേഖാമൂലം അറിയിച്ചതിന് ശേഷം രണ്ട് മാസത്തിനുള്ളിൽ മീറ്റർ മാറ്റി സ്ഥാപിക്കാത്ത ഗാർഹിക കണക്ഷനുകൾ.
d. റീഡിങ് എടുക്കുമ്പോൾ മീറ്റർ കേടായതാണെന്ന് കണ്ടെത്തിയാൽ, മീറ്റർ മാറ്റി വയ്ക്കണമെന്ന വിവരം ഉപഭോക്താവിനെ രേഖാമൂലം അറിയിച്ചതിന് ശേഷം ഒരു മാസത്തിനുള്ളിൽ മീറ്റർ മാറ്റി സ്ഥാപിക്കാത്ത ഗാർഹികേതര, വ്യാവസായിക, സ്പെഷ്യൽ കണക്ഷനുകൾ.

e. അവശ്യ സർവീസുകളായ ആശുപത്രി, സർക്കാർ സ്കൂൾ, അംഗനവാടി, പോലീസ് സ്റ്റേഷൻ, ഫയർ ഫോഴ്സ്, ക്ഷേമ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ ഒഴികെ.

f. വിച്ഛേദിക്കുന്ന കണക്ഷനുകളിലെ വാട്ടർ മീറ്റർ ഉപഭോക്താവ് സ്വന്തം ചിലവിൽ സ്ഥാപിച്ചതാണെങ്കിൽ അവ രസീത് കൈപ്പറ്റി ഉപഭോക്താവിനെ ഏല്പിക്കുന്നു എന്നത്.

g. വാട്ടർ കണക്ഷനുകൾ വിച്ഛേദിക്കുന്നത് പരമാവധി സ്റ്റാന്റിംഗ് പോസ്റ്റിങ്ങ് ആയിരിക്കണം എന്നത്.

h. വിച്ഛേദിക്കുന്ന കണക്ഷനുകളിൽ നിന്നും ദുരുപയോഗം നടക്കുന്നുണ്ടോയെന്നും, വിച്ഛേദിക്കുന്ന കണക്ഷനുകളിലെ ജല ലഭ്യതയ്ക്കുള്ള മറ്റു സ്രോതസ്സുകൾ ഉണ്ടോയെന്ന കാര്യങ്ങൾ നിരീക്ഷിക്കുന്നു എന്നത്.

i. വിച്ഛേദിക്കുന്ന കണക്ഷനുകളിൽ നിലനിൽക്കുന്ന കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു എന്നത്.

j. പകൽ സമയത്ത്, അതായത് വൈകുന്നേരം ആറ് മണിക്ക് മുമ്പായിരിക്കണം കണക്ഷൻ വിച്ഛേദിക്കേണ്ടത്. വിഛേദിക്കുന്നതിനായി മതിൽ ചാടിക്കടന്നോ അതിക്രമിച്ചോ പോകാൻ പാടില്ല. കൂടാതെ ഉപഭോക്താവിനോട് സൗമ്യമായി പെരുമാറണം എന്നത്.

വിശ്വസ്തതയോടെ,

P B Nooh IAS
MANAGING DIRECTOR

സ്വീകർത്താവ്: ചീഫ് എഞ്ചിനീയർ,
ദക്ഷിണ മേഖല / മധ്യ മേഖല / ഉത്തര മേഖല

പകർപ്പ്:
1. എല്ലാ സൂപ്രണ്ടിങ് എഞ്ചിനീയർമാർക്കും
2. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
3. എല്ലാ റവന്യൂ ഓഫീസർമാർക്കും
4. എല്ലാ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും